**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** | **08-06-2021 - ൽ മറുപടിയ്ക്ക്**

**ഓക്സിജൻ ഉൽപ്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ രണ്ടാം തരംഗത്തിൽ സംസ്ഥാനത്തിന് ആവശ്യമായ ഓക്സിജൻ ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ പുതിയതായി സ്ഥാപിച്ച 70 TPD ഓക്സിജൻ പ്ലാന്റിൽ നിന്നും ആരോഗ്യമേഖലയ്ക്കായി 7 TPD ലിക്വിഡ് ഓക്സിജൻ നൽകിവരുന്നുണ്ട്. ദ്രവീകൃത ഓക്സിജൻ (ഏകദേശം 6 ടൺ ദിനംപ്രതി) പെസോയുടെ നിർദ്ദേശാനുസരണം ലൈസൻസുള്ള ഓക്സിജൻ ഗ്യാസ് സിലിണ്ടർ ഉത്പാദകർ വഴിയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) വഴിയും കോവിഡ് ആവശ്യത്തിനായി കേരളത്തിലെ മെഡിക്കൽ കോളേജ് ഉൾപ്പെടുന്ന വിവിധ ആശുപത്രികളിലേക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ സംസ്ഥാനത്ത് കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കോവിഡ് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി കെ.എം.എം.എൽ-ന്റെ സമീപത്തെ ശങ്കരമംഗലം ഗവ. സ്കൂൾ കെട്ടിടത്തിലും അതിന്റെ ഗ്രൗണ്ടിലും കോവിഡ് ദ്വിതീയ ചികിത്സാ സംവിധാനം കമ്പനി തയ്യാറാക്കി പ്രവർത്തനത്തിനായി ആരോഗ്യ മിഷന് കൈമാറി കഴിഞ്ഞു. നിലവിൽ പുറമേ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന ദ്രവീകൃത ഓക്സിജന്റെ ഒരു പങ്ക് ചവറ കെ.എം.എം.എൽ -ന്റെ ദ്രവീകൃത ടാങ്കിൽ സൂക്ഷിച്ച് അവശ്യാനുസരണം ആശുപത്രികൾക്ക് വിതരണം നടത്തുകയും ചെയ്യുന്നു. നാളിതു വരെ കെ.എം.എം.എൽ - ൽ ഉത്പാദിപ്പിച്ച ഏകദേശം 1150 ടൺ ദ്രവീകൃത ഓക്സിജൻ പൂർണ്ണമായും കോവിഡ് ആവശ്യത്തിനായി വിതരണം നടത്തി. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ദ്രവീകൃത ഓക്സിജന്റെ കപ്പാസിറ്റി 10 TPD ആയി ഉയർത്തുന്നതിനും അനുബന്ധ പദ്ധതികൾക്കുമായി 4.37 കോടി രൂപ സർക്കാർ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ദ്രവീകൃത ഓക്സിജന്റെ കപ്പാസിറ്റി 10 TPD ആയി ഉയർത്തുന്നതിനുള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) | കേരള മിനറൽസ് ആന്റ് മെറ്റൽസ് അധിക ഓക്സിജൻ ആരോഗ്യ മേഖലയ്ക്ക് വിതരണം ചെയ്തിട്ടുണ്ടോ; അതിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; അറിയിക്കാമോ? | (ബി) | ഉണ്ട്. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ പുതിയതായി സ്ഥാപിച്ച 70 TPD ഓക്സിജൻ പ്ലാന്റിൽ നിന്നും ആരോഗ്യമേഖലയ്ക്കായി 7 TPD ലിക്വിഡ് ഓക്സിജൻ നൽകിവരുന്നുണ്ട്. ദ്രവീകൃത ഓക്സിജൻ (ഏകദേശം 6 ടൺ ദിനംപ്രതി) പെസോയുടെ നിർദ്ദേശാനുസരണം ലൈസൻസുള്ള ഓക്സിജൻ ഗ്യാസ് സിലിണ്ടർ ഉത്പാദകർ വഴിയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) വഴിയും കോവിഡ് ആവശ്യത്തിനായി കേരളത്തിലെ മെഡിക്കൽ കോളേജ് ഉൾപ്പെടുന്ന വിവിധ ആശുപത്രികളിലേക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ സംസ്ഥാനത്ത് കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കോവിഡ് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി കെ.എം.എം.എൽ-ന്റെ സമീപത്തെ ശങ്കരമംഗലം ഗവ. സ്കൂൾ കെട്ടിടത്തിലും അതിന്റെ ഗ്രൗണ്ടിലും കോവിഡ് ദ്വിതീയ ചികിത്സാ സംവിധാനം കമ്പനി തയ്യാറാക്കി പ്രവർത്തനത്തിനായി ആരോഗ്യ മിഷന് കൈമാറി കഴിഞ്ഞു. നിലവിൽ പുറമേ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന ദ്രവീകൃത ഓക്സിജന്റെ ഒരു പങ്ക് ചവറ കെ.എം.എം.എൽ -ന്റെ ദ്രവീകൃത ടാങ്കിൽ സൂക്ഷിച്ച് അവശ്യാനുസരണം ആശുപത്രികൾക്ക് വിതരണം നടത്തുകയും ചെയ്യുന്നു. നാളിതു വരെ കെ.എം.എം.എൽ - ൽ ഉത്പാദിപ്പിച്ച ഏകദേശം 1150 ടൺ ദ്രവീകൃത ഓക്സിജൻ പൂർണ്ണമായും കോവിഡ് ആവശ്യത്തിനായി വിതരണം നടത്തി. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ദ്രവീകൃത ഓക്സിജന്റെ കപ്പാസിറ്റി 10 TPD ആയി ഉയർത്തുന്നതിനും അനുബന്ധ പദ്ധതികൾക്കുമായി 4.37 കോടി രൂപ സർക്കാർ കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ദ്രവീകൃത ഓക്സിജന്റെ കപ്പാസിറ്റി 10 TPD ആയി ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ